# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 29/07/ 2021


# “ഓപ്പറേഷൻ ടാർജറ്റ് – 5” കൊല്ലം ജില്ലയിൽ റ്റി.പി.ആർ. നിയന്ത്രണത്തിലാക്കാൻ പദ്ധതിയുമായി പോലീസ്

**4214 പേർക്കെതിരെ നടപടിയെടുത്തു, ക്വാറന്റൈൻ ലംഘിച്ച 17പേരെ അറസ്റ്റ് ചെയ്തു, 276 വാഹനങ്ങൾ പിടിച്ചെടുത്തു, 98 സ്ഥാപനങ്ങൾ അടച്ച് പൂട്ടി – 14510 പേരെ താക്കീത് ചെയ്തു**

കൊല്ലം : **“ഓപ്പറേഷൻ ടാർജറ്റ് – 5”** – ന് കൊല്ലത്ത് തുടക്കമായി. തിരുവനന്തപുരം റേഞ്ച് പരിധിയിൽ ടെസ്റ്റ് പോസിറ്റിവിറ്റി അടുത്ത ഏഴ് ദിവസത്തിനുള്ളിൽ അഞ്ച് ശത മാനത്തിലേക്ക് താഴ്ത്തുന്നതിന് ഡി.ഐ.ജി കെ. സഞ്ജയ് കുമാർ ഐ.പി.എസിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച പദ്ധതിയാണ് “ഓപ്പറേഷൻ ടാർജറ്റ്- 5”. 29.07.2021 മുതൽ 05.08.2021 വരെയാണ് പദ്ധതി കാലാവധി. കോവിഡ് വ്യാപനം തടയുന്നതിന് സ്വയം സന്നദ്ധരായി മുന്നോട്ട് വരുന്ന പോലീസുദ്ദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. പൊതുജന സഹകരണത്തോടെ അതാത് പ്രദേ ശങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പി ലാക്കി വ്യാപനം തടയുകയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. അതാത് സ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കായിരിക്കും പദ്ധതിയുടെ ചുമതല. ഏറ്റവും കുറഞ്ഞ എൻഫോഴ്സ്മെന്റിൽ പൊതുജന പങ്കാളിത്തത്തോടെ വ്യാപകമായ അവബോധവും വഴി സാമൂഹ്യ കൂടി ചേരലുകൾ വരുന്ന ഒരാഴ്ച്ചത്തേക്ക് നിയന്ത്രിച്ച് വ്യാപനം കുറയ്ക്കുന്നതിനാണ് പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവിഷ്കരിച്ച് നടപ്പി ലാക്കി വിജയിച്ച മാതൃകകൾ ഉൾക്കൊള്ളിച്ച് പൊതുജന സഹകരണത്തോടെ കൊല്ലം ജില്ലയിൽ റ്റി.പി.ആർ അഞ്ച് ശതമാനത്തിന് താഴെ എത്തിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ ആരംഭിച്ചതായി സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ. പി.എസ്സ് അറിയിച്ചു. പോലീസുദ്ദ്യോഗസ്ഥൻമാരും സന്നദ്ധ പ്രവർത്തകരും അടങ്ങിയ കോവിഡ് പ്രതിരോധ സേന പൊതുജന സഹകരണത്തോടെ ഒരാഴ്ച്ച കാലയളവിനുള്ളിൽ ലക്ഷ്യം കൈവരിക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ പ്രത്യാശ പ്രകടിപ്പിച്ചു.

കോവിഡ് പകർച്ചവ്യാധി പ്രതിരോധ നടപടികളുടെ ഭാഗമായി 4214 പേർക്കെതിരെ

യാണ് കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ സിറ്റി പോലീസ് നടപടി സ്വീകരിച്ചത്. ക്വാറന്റെൻ ലംഘനത്തിന് 17 പേർക്കെതിരെ നടപടി സ്വീകരിച്ചു. മാനദണ്ഡങ്ങൾ ലംഘിച്ച 276 വാഹനങ്ങൾ പിടിച്ചെടുക്കുകയും 98 സ്ഥാപനങ്ങൾ അടച്ച് പൂട്ടുകയും ചെയ്തു. കോവിഡ് നിയന്ത്രണം ലംഘിച്ച 391 പേരെ അറസ്റ്റ് ചെയ്യുകയും ശരിയായ വിധം മാസ്ക്ക് ധരിക്കാതിരുന്ന 1886 പേർക്കെതിരേയും സാമൂഹിക അകലം പാലിക്കാതിരുന്ന 1937 പേർക്കെതിരെയും നടപടി സ്വീകരിച്ചതായും മതിയായ ജാഗ്രത പുലർത്താതിരുന്ന 14510 പേരെ താക്കീത് ചെയ്തതായും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.